ഖുത്ബ
18.6.2004
ബൈത്തുൽ ഫുത്തൂഹ്
ലണ്ടൻ

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

# തർക്കശാസ്ത്രപരമോ തത്വശാസ്ത്രപരമോ ആയ അറിവല്ല യഥാർത്ഥ അറിവ്; യഥാർത്ഥ അറിവ് അല്ലാഹുവിൽ നിന്നു ലഭിക്കുന്നതാണ്.

فَتَعٰلَى اللّٰهُ الْمَلِكُ الْحَقُّ ۚ وَلَا تَعْجَلْ بِالْقُرْاٰنِ مِنْ قَبْلِ اَنْ يُّقْضٰۤى اِلَيْكَ وَحْيُهٗ ۫ وَقُلْ رَّبِّ زِدْنِىْ عِلْمًا

അതിനാൽ യഥാർത്ഥ രാജാവായ അല്ലാഹു സമുന്നതനാകുന്നു. ഖുർആന്റെ സന്ദേശം നിനക്ക് അവതരിച്ചു കഴിയുന്നതിനുമുമ്പേ അതിനെ സംബന്ധിച്ച് നീ ധൃതിപ്പെടരുത്. 'എന്റെ നാഥാ! എനിക്ക് ജ്ഞാനം വർദ്ധിപ്പിച്ചു തരേണമേ' എന്ന് നീ പറഞ്ഞു കൊണ്ടിരിക്കുക. (20:115)

ഇതിൽ പഠിപ്പിച്ചിരിക്കുന്ന ദുആയാണ് 'റബ്ബി സിദ്നീ ഇൽമാ.' അല്ലാഹു വിശുദ്ധ ഖുർആനിൽ ഈ പ്രാർത്ഥന പഠിപ്പിച്ചുകൊണ്ട് സത്യവിശ്വാസികളുടെ മേൽ വളരെ വലിയ ഔദാര്യമാണ് ചെയ്തിട്ടുള്ളത്. ഈ പ്രാർത്ഥന പേരിനുമാത്രമുള്ള പ്രാർത്ഥനയല്ല. അല്ലാഹുവേ, എന്റെ അറിവ് വർദ്ധിപ്പിച്ചാലും എന്ന് പറഞ്ഞാലുടനെ അറിവ് വർദ്ധിക്കാൻ തുടങ്ങുമെന്നല്ല. ഇവിടെ അറിവ് സമ്പാദിക്കുന്നതിനുവേണ്ടി എപ്പോഴും അന്വേഷണം നടത്തുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുക എന്ന് സത്യവിശ്വാസികളെ ജാഗ്രതപ്പെടുത്തുകയാണ്. വിദ്യാർത്ഥികളാണെങ്കിൽ കഴിവ് മുഴുവനും പ്രയോഗിച്ചു പഠിക്കുക. ദുആയും ചെയ്യുക. അങ്ങനെയാണെങ്കിൽ കാര്യങ്ങളുടെ യാഥാർത്ഥ്യം അറിയാനുള്ള വഴി അല്ലാഹു തുറക്കുന്നതാണ്. അറിവ് വർദ്ധിപ്പിച്ചുതരികയും ചെയ്യും. ഇത് വിദ്യാർത്ഥികളിൽ മാത്രം ഒതുങ്ങി നില്ക്കുന്ന ഒന്നല്ല. പ്രായം ചെന്നവരും അറിവ് വർദ്ധിക്കാൻ ദുആചെയ്യുകയും പരിശ്രമിക്കുകയും ചെയ്താൽ അവരുടെ അറിവും വർദ്ധിക്കുന്നതാണ്. ഇതെല്ലാ പ്രായക്കാർക്കും വേണ്ടിയുള്ള പ്രാർത്ഥനയാണ്.

ഒരു ഹദീസിൽ വന്നിരിക്കുന്നു.

ഉത്‌ലിബുൽ ഇൽമ മിനൽ മഹ്ദി ഇലല്ലഹ്ദ്. അതായത് ബാല്യകാലം മുതൽ അവസാന പ്രായം വരെ, ഖബ്റുകളിൽ മനുഷ്യൻ എത്തുന്നതു വരെ വിദ്യ അഭ്യസിച്ചുകൊണ്ടിരിക്കുക. ഇസ്‌ലാമിൽ അറിവ് സമ്പാദ്യത്തിനുള്ള പ്രാധാന്യം ഇതാണ്. അല്ലാഹുവിന്റെ കല്പനകൾ ഏറ്റവും കൂടുതൽ നിറവേറ്റിയതും ദുആ ചെയ്തതും നബി (സ) തിരുമേനിയാണ്. അല്ലാഹു തന്നെയായിരുന്നു നബി (സ) യെ അറിവ് പഠിപ്പിച്ചിരുന്നത്. മഹത്തായ വിശുദ്ധ ഖുർആനും നബി (സ) യ്ക്ക് ഇറക്കിക്കൊടുത്തു. അതിൽ പ്രപഞ്ചത്തിൽ മറഞ്ഞിരിക്കുന്ന കാര്യങ്ങളിലേക്കും വെളിച്ചം വീശി. അക്കാലത്ത് നബി (സ) ക്കല്ലാതെ മറ്റാർക്കും അതു മനസ്സിലായിട്ടുമുണ്ടാവില്ല. പൂർവ്വകാലചരിത്രത്തെക്കുറിച്ചുള്ള ജ്ഞാനവും നബി (സ)യ്ക്ക് നല്കി. വരുംകാലത്ത് സംഭവിക്കാനിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചും നബി (സ) യെ അറിയിച്ചു. ഇങ്ങനെയൊക്കെയായിട്ടും ഖുർആനിൽ നബി (സ) യെ ദുആ പഠിപ്പിച്ചു. റബ്ബിസിദ്നീ ഇൽമാ.

എന്തായാലും ഓരോ മനുഷ്യന്റെയും കഴിവനുസരിച്ച് അറിവ് സമ്പാദിക്കാനുള്ള വൃത്തമുണ്ട്. ഈ പ്രാർത്ഥനാ സ്വീകാര്യതയ്ക്ക് വൃത്തമുണ്ട്. ഇന്നേയ്ക്ക് പതിനഞ്ചുനൂറ്റാണ്ടുകൾ മുമ്പേ വിശുദ്ധ ഖുർആൻ വെളിപ്പെടുത്തിയ രഹസ്യങ്ങൾ ഇന്ന് ഗവേഷണത്തിനുശേഷം പൊതുജനസമക്ഷം വരുന്നു. ഇന്ന് മനുഷ്യന്റെ അറിവിൽ വരുന്ന കാര്യങ്ങൾ, അവന്റെ താൽപര്യവും ഗവേഷണവും പരിശ്രമവും കൊണ്ടാണ് വരുന്നത്. അറിവ് സമ്പാദിക്കുന്നതിനുവേണ്ടി ഏറ്റവും കൂടുതൽ പരിശ്രമിക്കുകയും അദ്ധ്വാനിക്കുകയും ചെയ്യുക എന്ന ഉത്തരവാദിത്വം ഇന്ന് അഹ്മദികളായ നമ്മുടെ മേലാണ് അധികമുള്ളത്. കാരണം, ഹസ്റത്ത് മസീഹ് മൗഊദ് (അ) നും വിശുദ്ധഖുർആന്റെ അറിവുകളും തത്വങ്ങളും നല്കപ്പെട്ടിരിക്കുന്നു. ആ മഹാത്മാവിനെ വിശ്വസിക്കുന്നവരോടു ഞാനവർക്ക് അറിവുകളും ജ്ഞാനങ്ങളും തെളിവുകളും നല്കുമെന്ന് അല്ലാഹുവിന്റെ വാഗ്ദാനമുണ്ട്. അതിനുവേണ്ടി പരിശ്രമിക്കുകയും അറിവ് സമ്പാദിക്കാനുള്ള ആഗ്രഹമുണ്ടാകുകയും പ്രാർത്ഥനയും -അല്ലാഹുവേ, എന്റെ അറിവ് വർദ്ധിപ്പിച്ചാലും- എന്ന പ്രാർത്ഥനയും വളരെ ആവശ്യമാണ്. വീട്ടിൽ കുത്തിയിരുന്നാൽ ഇതൊന്നും കിട്ടുകയില്ല.

അറിവ് സമ്പാദിക്കുന്നതിന് പ്രായമൊന്നും നിബന്ധനയായിട്ടില്ല. വിശുദ്ധഖുർആന്റെ ജ്ഞാനം കരസ്ഥമാക്കുന്നതിന്, മതപരമായ അറിവ് കരസ്ഥമാക്കുന്നതിന് ഒന്നാമതായി ഹസ്റത്ത് മസീഹ് മൗഊദ് (അ) നമുക്കുവേണ്ടി സ്വരൂപിച്ചുവെച്ചിട്ടുള്ള

ജ്ഞാനങ്ങൾ നോക്കേണ്ടി വരും. അതിലേക്ക് തിരിയുക. അതു പാരായണം ചെയ്യുക. കാരണം നമുക്കു ചിന്തിക്കാനുള്ള വഴി അവിടുന്ന് കാണിച്ചുതന്നിരിക്കുന്നു. ആ പാതയിലൂടെ സഞ്ചരിച്ച് ദീനീപരമായ അറിവിലും ഖുർആനികമായ അറിവിലും നമുക്ക് അഭിവൃദ്ധിപ്പെടാൻ കഴിയും. പിന്നീട് ഈ ഖുർആനികമായ അറിവ് കൊണ്ട് ഭൗതികമായ അറിവ് സമ്പാദിക്കാനും ഗവേഷണം നടത്താനുമുള്ള വഴികൾ തുറക്കുന്നു. അതുകൊണ്ട് ജമാഅത്തിനുള്ളിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യാനുള്ള ഉത്സാഹവും, അതിൽനിന്ന് ഫലമെടുക്കാനുള്ള താൽപര്യവും ചെറുപ്പക്കാരിലും അവരുടെ പഠനത്തോടൊപ്പം ഉണ്ടാകേണ്ടതാണ്. ഒരുപാട് വിദ്യാർത്ഥികൾ വിവിധ വിഷയങ്ങളിൽ ഗവേഷണം നടത്തുന്നവരായിട്ടുണ്ടാകും. അവർ അവരുടെ ഭൗതികമായ അറിവിനെ ഈ മതപരവും ഖുർആനികവുമായ അറിവുമായി കൂട്ടിച്ചേർക്കുമ്പോൾ പുതിയ വഴികളും തെളിഞ്ഞു വരും. അവർക്ക് വിവിധ തലങ്ങളിൽ തൊഴിലെടുക്കാനുള്ള അവസരവും ലഭിക്കുന്നതാണ്; അത് ഭൗതിക വിദ്യാഭ്യാസത്തിന്റെ പ്രൊഫസറിൽനിന്ന് അവർക്ക് ലഭിക്കാത്തതുമാകാം.

ഇപ്രകാരം തന്നെ ഞാൻ പറഞ്ഞതുപോലെ പ്രായം ചെന്നവരും, 'ഞങ്ങൾക്ക് വയസ്സായി, അതുകൊണ്ട് പഠിക്കാൻ കഴിയില്ല' എന്ന് ചിന്തിക്കരുത്. അവരും ഇതിലേക്ക് ശ്രദ്ധിക്കേണ്ടത് അത്യാവശ്യമാണ്. ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുക. ഇനി എങ്ങനെ ഞങ്ങൾക്ക് അറിവ് കിട്ടാനാണ് എന്ന് ചിന്തിച്ചിരിക്കരുത്.

ഹസ്റത്ത് മുസ്ലിഹ് മൗഊദ് ഖലീഫത്തുൽ മസീഹ് സാനീ (റ) എഴുതിയിരിക്കുന്നു:

നബി (സ) തിരുമേനിയ്ക്ക് ഈ ദുആ പഠിപ്പിച്ചപ്പോൾ, ഈ വചനമിറങ്ങിയപ്പോൾ അവിടത്തെ പ്രായം അമ്പത്തിയഞ്ച് അമ്പത്തിയാറ് വയസ്സായിരുന്നു. അതുകൊണ്ട് തന്നെ സത്യവിശ്വാസികൾ ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്; ഇതു നമുക്ക് വേണ്ടിയാണെന്ന്. ഏതു പ്രായത്തിലും അറിവ് സമ്പാദിക്കാൻ മടികാണിക്കരുത്. നിരാശരാവരുത്. ഇതു വിശദീകരിച്ചുകൊണ്ട് ഹസ്റത്ത് മുസ്ലിഹ് മൗഊദ് (റ) പറയുന്നു:

കുട്ടിക്കാലം പഠിക്കാനുള്ളതാണെന്നും യുവത്വം പ്രവർത്തിക്കാനുള്ളതാണെന്നും വാർദ്ധക്യം ബുദ്ധിയുടേതാണെന്നുമാണ് പൊതുവെയുള്ള ധാരണ. എന്നാൽ, വിശുദ്ധഖുർആന്റെ അടിസ്ഥാനത്തിൽ ഒരു യഥാർത്ഥ സത്യവിശ്വാസി ഈ എല്ലാകാര്യങ്ങളേയും ഉൾക്കൊള്ളുന്നു. അവന്റെ വാർദ്ധക്യം അവന്റെ കർമ്മശക്തിയേയും അറിവു സമ്പാദിക്കുന്നതിനേയും അവനെ തടയുകയില്ല. അവന്റെ യുവത്വം അവന്റെ ചിന്താമണ്ഡലത്തെ നിഷ്ഫലമാക്കിക്കളയുകയില്ല. കുട്ടിക്കാലത്ത് അവൻ അല്പം സംസാരിക്കാൻ യോഗ്യനാകുമ്പോൾ, ഓരോ കാര്യവും കേട്ട് ക്ഷണത്തിൽ ചിക്കിച്ചികഞ്ഞ് ചോദിക്കാൻ തുടങ്ങുമ്പോൾ ഇന്ന കാര്യം എന്താണ്? എന്തിനാണ്? എന്നു ചോദിക്കുമ്പോൾ അവന് അറിവ് സമ്പാദിക്കാനുള്ള ആഗ്രഹം അങ്ങേയറ്റം ഉണ്ടാകുന്നതുപോലെ അവന്റെ വാർദ്ധക്യവും അറിവ് സമ്പാദിക്കുന്നതിൽ വ്യാപൃതമായിരിക്കും. അവനൊരിക്കലും അറിവ് നേടേണ്ടതില്ലെന്ന് കരുതുകയില്ല. ഇതിന്റെ വലിയതെളിവ് നബി (സ) തിരുമേനിയിൽനിന്നും നമുക്ക് ലഭിക്കുന്നു. നബി (സ) യ്ക്ക് അമ്പത്തിയഞ്ച് അമ്പത്തിയാറ് വയസ്സുള്ളപ്പോഴാണ് 'ഖുൽ റബ്ബി സിദ്നീ ഇൽമ' എന്നു പറയാൻ അല്ലാഹു കല്പിച്ചത്. ഏ, മുഹമ്മദു റസൂലുല്ലാഹ് (സ), ഉമ്മ തന്റെ കുട്ടിയോട് പെരുമാറുന്നതു പോലെയാണ് ഞാൻ നിന്നോട് പെരുമാറുന്നത്. അതുകൊണ്ട് പ്രായം ചെല്ലുമ്പോൾ മറ്റുള്ളവർ ഒന്നിനും കൊള്ളാത്തവരാകും, അറിവ് സമ്പാദിക്കാനുള്ള ആഗ്രഹം അവരിൽ ഇല്ലാതാകും. 'വയസ്സാകുമ്പോൾ അങ്ങനെയൊക്കെയാണ്' എന്ന് പറയുന്നത് അവരുടെ ശീലമായിത്തീരും. എന്നാൽ, നീ എപ്പോഴും അല്ലാഹുവിനോടു അല്ലാഹുവേ, എന്റെ അറിവ് വർദ്ധിപ്പിച്ചു തരേണമേ, എന്റെ അറിവ് വർദ്ധിപ്പിച്ചു തരേണമേ എന്ന് ദുആ ചെയ്തുകൊണ്ടേയിരിക്കുക എന്നാണ് നിന്നോടുള്ള എന്റെ നിർദ്ദേശം. അതുകൊണ്ട് സത്യവിശ്വാസി തന്റെ ജീവിതത്തിന്റെ ഒരു ഘട്ടത്തിലും അറിവ് സമ്പാദിക്കുന്നതിൽ അശ്രദ്ധനായിരിക്കുകയില്ല. എന്നല്ല അറിവ് സമ്പാദിക്കുന്നതിൽ ഒരു ആനന്ദവും സന്തോഷവും അനുഭവിക്കുന്നു. ഇതിനെതിരിൽ, പഠിക്കേണ്ടതു പഠിച്ചിരിക്കുന്നുവെന്ന് കരുതുകയും, ഇനി ഞാൻ എന്തെങ്കിലും ചോദിച്ചാൽ എന്നെ ജാഹിലായി ജനങ്ങൾ കരുതുമെന്ന് വിചാരിക്കുകയും ചെയ്യുന്ന മനുഷ്യൻ അറിവ് സമ്പാദിക്കുന്നതിൽനിന്ന് പിന്തള്ളപ്പെട്ടുപോകുന്നു. നോക്കുക ഹസ്റത്ത് ഇബ്റാഹീം (അ) പ്രായം ചെന്നയാളായിരുന്നു. എന്നിട്ടും അദ്ദേഹം ചോദിച്ചു: 'റബ്ബി അരിനീ കയ്ഫ തുഹ്യിൽ മൗത്താ' നീ എങ്ങനെയാണ് മരിച്ചവരെ ജീവിപ്പിക്കുന്നത്? ഇബ്റാഹിം (അ) ഇതു ചോദിച്ചപ്പോൾ, 'ഇബ്റാഹീമെ, നിനക്ക് അമ്പത് അറുപത് വയസ്സായി. കുട്ടികളെപ്പോലുള്ള നിന്റെ ഈ ചോദ്യം നീ ഉപേക്ഷിക്കുക' എന്ന് അല്ലാഹു പറഞ്ഞില്ല. ആത്മാക്കൾ എങ്ങനെയാണ് പുനരുജ്ജീവിപ്പിക്കപ്പെടുന്നതെന്ന് അല്ലാഹു പറഞ്ഞുകൊടുക്കുകയാണ് ചെയ്തത്. അതുകൊണ്ട് എല്ലാ പ്രായത്തിലും അറിവുനേടാനുള്ള തിളപ്പ് ഉള്ളിലുണ്ടായിരിക്കേണ്ടതാണ്. അല്ലാഹുവേ, എനിക്ക് അറിവ് വർദ്ധിപ്പിച്ചുതരേണമേ എന്ന് ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. കാരണം, അറിവ് സമ്പാദിക്കാനുള്ള ദാഹം മനുഷ്യമനസ്സിൽ ഉണ്ടാകാത്തിടത്തോളം കാലം അവന് പുരോഗതി കരസ്ഥമാക്കാൻ സാധ്യ

മല്ല.

ചിലയാളുകൾ, പ്രായം ചെല്ലുമ്പോൾ ഓർമ്മ ശക്തി കുറയുമെന്ന് പറയാറുണ്ട്. എനിക്കോർമ്മയുണ്ട്. ഞങ്ങളുടെ ഒരു ഉസ്താദുണ്ടായിരുന്നു. അദ്ദേഹം റിട്ടേഡായതിനുശേഷം വിശുദ്ധഖുർആൻ മനഃപാഠമാക്കി. റബ്വയിൽ, സൈക്കിളിൽ പോകുമ്പോഴും ഹാന്റിലിൽ ഖുർആൻ ശരീഫ് വെച്ച് ഓതാറുണ്ടായിരുന്നു. എന്നാൽ, ഇപ്പോൾ റബ്വയിൽ നല്ല തിരക്കാണ്, അങ്ങനെ ഓതിക്കൊണ്ടുപോകാൻ പറ്റുകയില്ല. ഇപ്പോൾ അങ്ങനെ ചെയ്താൽ ആശുപത്രിയിലെത്തും.

അറിവു സമ്പാദിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് നബി (സ) തിരുമേനി വിവിധ രീതിയിൽ നമ്മളോടു പറഞ്ഞിട്ടുണ്ട്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു: 'ജ്ഞാന സമ്പാദനം എല്ലാ മുസ്ലിംകളുടെയും കർത്തവ്യമാകുന്നു.'

മറ്റുള്ളവരുമായി തട്ടിച്ചുനോക്കുമ്പോൾ വിദ്യാസമ്പന്നർ മുസ്ലിംകളിൽ നന്നേ കുറവാണ്.

ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു: നബി (സ) തിരുമേനി പറഞ്ഞു: ഒരു മുസ്ലിം അറിവു സമ്പാദിക്കുകയും എന്നിട്ട് തന്റെ മുസ്ലിം സഹോദരനെ അത് പഠിപ്പിക്കുകയും ചെയ്യുന്നതാണ് ഏറ്റവും നല്ല സദഖ അഥവാ ദാനധർമ്മം.

ഇതാണ് അറിവു സമ്പാദിക്കേണ്ടതിന്റെ പ്രാധാന്യം. അറിവ് മറ്റുള്ളവർക്ക് പകർന്നുകൊടുക്കുന്നത് സദഖയാണ്. ഈ സദഖ, സദഖജാരിയയാണ്. എന്നെന്നും നിലനില്ക്കുന്ന സദഖ. മറ്റുള്ളവരെ അറിവ് പഠിപ്പിക്കുമ്പോൾ അത് നിങ്ങളുടെ എന്നെന്നും നിലനില്ക്കുന്ന ഒരു സദഖയായിമാറുന്നു. അതുകൊണ്ട് തന്നെ ഉസ്താദുമാരെ ആദരിക്കാനും കല്പിച്ചിരിക്കുന്നു. ഒരു പദം ആരിൽ നിന്നെങ്കിലും പഠിച്ചാൽ അവരെ ആദരിക്കണം. ഉസ്താദുമാരുടെ തൊഴിൽ വലിയ ആദരവുള്ളതാണ്. എന്നാൽ, പാക്കിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിൽ ഇതും വരുമാനത്തിനുള്ള മാർഗ്ഗമാക്കിത്തീർത്തിരിക്കുന്നു. ഈ തൊഴിലും ദുഷ്പ്പേരിന്നിരയാകുന്നു. അനുവദനീയമായ നിലയിൽ ഈ തൊഴിലിന് ശമ്പളം ലഭിക്കുന്നു എന്നത് ശരിതന്നെ. സമ്പാദിക്കേണ്ടതുമാണ്. ട്യൂഷൻ വെച്ചും വരുമാനമുണ്ടാക്കാം. പക്ഷേ, ഇവിടെയുണ്ടാകുന്നതെന്താണ്? സ്കൂളിൽ കുട്ടികളെ പഠിപ്പിക്കുകയില്ല. ട്യൂഷൻ എന്റെ വീട്ടിൽ വന്നാൽ ഞാൻ പഠിപ്പിക്കാമെന്ന് വിദ്യാർത്ഥികളോടു പറയുന്നു. ട്യൂഷൻ ഫീസാണെങ്കിലോ, ചിലർക്ക് അവരുടെ കഴിവിനെക്കാളും അധികമായിരിക്കും. സമ്പന്നന്മാരോട് വാങ്ങാം, കുഴപ്പമില്ല. എന്നാൽ, പാവപ്പെട്ടവനെന്തുചെയ്യും? ട്യൂഷൻ പഠിച്ചില്ലെങ്കിലോ, പരാജയപ്പെടുകയും ചെയ്യും. പരീക്ഷയിൽ ജയിക്കണമെങ്കിൽ വീട്ടിൽവന്ന് ട്യൂഷൻ പഠിച്ചുകൊള്ളാൻ കാലേക്കൂട്ടി പറയും. ഈ ട്യൂഷൻ കാരണത്താൽ ചിലയാളുകൾ കടക്കാരായിത്തീരുന്നു. അഹ്മദീ ഉസ്താദുമാർ ഇതിലൊരിക്കലുമുൾപ്പെടരുത്. അവർ ഒരു മാതൃകാജീവിതം കാഴ്ചവയ്ക്കേണ്ടതാണ്. അവർ സമ്പാദിച്ചിട്ടുള്ള അറിവും അനുഗ്രഹവും മറ്റുള്ളവർക്കെത്തിച്ചുകൊടുക്കുന്നതിൽ പിശുക്ക് കാണിക്കരുത്.

ഹസ്റത്ത് മസ്റൂഖ് (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറയുന്നു. ഹസ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദിന്റെയടുക്കൽ ഞാൻ വന്നപ്പോൾ അദ്ദേഹം പറഞ്ഞു: ജനങ്ങളേ, നിങ്ങൾക്കെന്തെങ്കിലും അറിവുണ്ടെങ്കിൽ അതു പറയേണ്ടതാണ്. നിങ്ങൾക്ക് അറിവ് സംബന്ധമായി ഒന്നും അറിയില്ലെങ്കിൽ, ആരെങ്കിലും ചോദിച്ചാൽ അല്ലാഹു അഅ്ലമു അല്ലാഹുവാണ് നല്ലവണ്ണം അറിയുന്നവൻ എന്നു മറുപടി പറയേണ്ടതാണ്. കാരണം ഇതും അറിവിൽപ്പെട്ടകാര്യമാണ്.

അറിയാത്ത കാര്യത്തെ സംബന്ധിച്ച് ചോദിച്ചാൽ അല്ലാഹുവാണ് നല്ലവണ്ണം അറിയുന്നവൻ എന്നാണ് മറുപടി നല്കേണ്ടത്. അല്ലാഹു തന്റെ നബി (സ) യോടു പറയുന്നു: ഏ, റസൂൽ! (ഇതിന്റെ ഭാഗമാണ് പിന്നീടുവരുന്നത്) നീ പറയുക. ഇതിനുപകരമായി ഞാനൊന്നും നിങ്ങളോടു ചോദിക്കുന്നില്ല. ഞാൻ കൃത്രിമം പ്രയോഗിക്കുന്നവനുമല്ല. ഈ നിവേദനത്തിന്റെ ആദ്യഭാഗത്ത് ഉസ്താദന്മാർക്ക് പാഠമുണ്ട്. ഉസ്താദന്മാരെക്കുറിച്ചാണ് പറയുന്നത്. സ്കൂളുകളിൽ പഠിപ്പിക്കുന്നതിന് താൽപര്യം കുറവും ട്യൂഷൻ പഠിപ്പിക്കാൻ താല്പര്യം കൂടുതലുമാണെന്നു ഞാൻ പറഞ്ഞില്ലേ?

മറ്റൊന്ന്, ഒരു തയ്യാറെടുപ്പും കൂടാതെ ചിലപ്പോൾ പഠിപ്പിക്കാൻ പോകും എന്നതാണ്. പുതിയതായി എന്തെങ്കിലും പഠിപ്പിക്കേണ്ടിവന്നാൽ കഠിനമായ ബുദ്ധിമുട്ടുണ്ടാകും. പിന്നെ അറിയുന്നതു കുറച്ച് പഠിപ്പിക്കുക എന്നതായിരിക്കും. ഇങ്ങനെ, വിദ്യാർത്ഥികൾക്കും തെറ്റായ മാർഗ്ഗദർശനമായിരിക്കും ലഭിക്കുക. പറഞ്ഞതെന്താണെന്നുവച്ചാൽ, ഒരു കാര്യത്തെക്കുറിച്ച് അറിയില്ലെങ്കിൽ, അറിയില്ല എന്ന് പറയുക. ഇന്നു ഞാൻ തയ്യാറായിട്ടില്ല അതുകൊണ്ട് പഠിപ്പിക്കാൻ കഴിയില്ല എന്നു പറയുക, പഠിപ്പിക്കുന്ന ആളും സത്യസന്ധതയോടെ പഠിപ്പിക്കണം. അതെന്താണെന്നുവച്ചാൽ, തന്റെ സാമർത്ഥ്യം കാണിക്കാനല്ല, മറിച്ച് അറിവില്ലെങ്കിൽ അറിയില്ല എന്നു തുറന്നു പറയുക.

ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു: അറിവ് നേടുക. അറിവ് നേടുന്നതിന് ഗൗരവവും സമാധാനവും സ്വായത്തമാക്കുക. ആരിൽ നിന്നാണോ അറിവ് പഠിക്കുന്നത് അയാളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക.

വിദ്യാർത്ഥികൾക്ക് ഇതിൽ ഉപദേശമുണ്ട്. അവർ തങ്ങളുടെ ഉസ്താദുമാരെ ആദരിക്കണം. ഒരു ആദരം ഉണ്ടായിരിക്കേണ്ടതാണ്. ഇക്കാലത്ത് വിവിധ

രാഷ്ട്രങ്ങളിൽ തങ്ങളുടെ ആവശ്യങ്ങൾ നേടിയെടുക്കാൻ വിദ്യാർത്ഥികളുടെ പ്രക്ഷോഭങ്ങളും കലഹങ്ങളും ഉണ്ടാകാറുണ്ട്. അവർ തെരുവുകളിലിറങ്ങുന്നു. കോളേജുകളിൽനിന്നും യൂണിവേഴ്സിറ്റികളിൽനിന്നുമാണ് അവകാശങ്ങൾ ലഭിക്കേണ്ടത്. പക്ഷേ, തല്ലിപ്പൊളിക്കുന്നത് തെരുവു വിളക്കുകളും സർക്കാർ വാഹനങ്ങളും മറ്റുമായിരിക്കും. കടകൾക്ക് തീവയ്ക്കുന്നു. ഇത് അങ്ങേയറ്റം തെറ്റായ മാർഗ്ഗമാണ്. ഇസ്‌ലാമികാദ്ധ്യാപനം ഇതല്ല. വിദ്യാർത്ഥി അറിവു സമ്പാദിക്കുന്നു. അവന്റെ ഉള്ളിൽ ഒരു ആദരം ഉണ്ടായിരിക്കേണ്ടതാണ്. മാനവും മര്യാദയും ഉണ്ടായിരിക്കേണ്ടതാണ്. ഉസ്താദുമാരോടും, തങ്ങളെക്കാൾ മുതിർന്നവരോടും അതുണ്ടാകണം. അല്ലാതെ അവിവേകം കാണിക്കാൻ പാടില്ല.

ചിലപ്പോൾ നമ്മുടെ അഹ്മദീ ഉസ്താദുമാർക്ക് ചിലതിനെ അഭിമുഖീകരിക്കേണ്ടതായി വരാറുണ്ട്. ഞാനിത് സന്ദർഭവശാൽ പറയുന്നുവെന്നേയുള്ളു. അനഹ്മദീ വിദ്യാർത്ഥികൾ പഠിക്കാത്തതുകൊണ്ട് പരാജയപ്പെടുന്നു. അവരുടെ ടീച്ചർ അഹ്മദിയാണെങ്കിൽ, അല്ലെങ്കിൽ അഹ്മദീ ഉസ്താദാണെങ്കിൽ ഉടനെ അയാൾക്കെതിരിൽ പ്രക്ഷോഭം ഉണ്ടാകുന്നു. പാക്കിസ്ഥാനിൽ ചില ഉസ്താദുമാർ ഇക്കാരണത്താൽ വലിയ ഞെരുക്കത്തിലാണ്. അല്ലാഹു തആല അത്തരം വിദ്യാർത്ഥികൾക്ക് ബുദ്ധി നല്കുമാറാകട്ടെ. അഹ്മദീ വിദ്യാർത്ഥികൾ, കോളേജുകളിലും യൂണിവേഴ്സിറ്റികളിലുമുണ്ടാകുന്ന അത്തരം സ്ട്രൈക്കുകളിൽ, സമരങ്ങളിൽ ഒരിക്കലും പങ്കെടുക്കരുത്. നിങ്ങൾ നിങ്ങളുടെ ആദരം ശ്രദ്ധിക്കുക. അഹ്മദീ വിദ്യാർത്ഥികൾക്ക് തങ്ങളുടേതു മാത്രമായ ഒരു സ്ഥാനം ഉണ്ടാകണം.

ഹസ്റത്ത് അബ്ദുല്ലാഹിബ്നു അംറ് (റ) നിവേദനം ചെയ്യുന്നു. ഒരിക്കൽ നബി (സ) തിരുമേനി തന്റെ വീട്ടിൽ നിന്നിറങ്ങി പള്ളിയിൽ വന്നു. അവിടെ രണ്ടു സംഘമായി ആളുകൾ ഇരിക്കുന്നതു കണ്ടു. കുറച്ചാളുകൾ ഖുർആൻ ഓതുകയും ദുആ ചെയ്യുകയും ചെയ്യുന്നു. കുറച്ചാളുകൾ പഠിക്കുന്നതിലും പഠിപ്പിക്കുന്നതിലും വ്യാപൃതരായിരിക്കുന്നു. അപ്പോൾ നബി (സ) പറഞ്ഞു: രണ്ടു കൂട്ടരും സൽക്കർമ്മങ്ങളിൽ മുഴുകിയിരിക്കുകയാണ്. ഇവർ ഖുർആൻ ഓതുകയും ദുആ ചെയ്യുകയും ചെയ്യുന്നു. അല്ലാഹു ഉദ്ദേശിച്ചാൽ അവർക്കു നല്കും. ഉദ്ദേശിച്ചില്ലെങ്കിൽ നല്കുകയുമില്ല. അതായത് അവരുടെ ദുആ സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യാം. രണ്ടാമത്തെ സംഘം പഠിക്കുന്നതിലും പഠിപ്പിക്കുന്നതിലും മുഴുകിയിരിക്കുകയാണ്. പറഞ്ഞു: അല്ലാഹു എന്നെ അധ്യാപകനും, ഉസ്താദുമാക്കി അയച്ചിരിക്കുന്നു. അതുകൊണ്ട് അവിടന്ന് പഠിക്കുന്നവരിലും പഠിപ്പിക്കുന്നവരിലും ചെന്നിരുന്നു.

അറിവു സമ്പാദിക്കുന്നവർക്ക് നബി (സ) തിരുമേനി നല്കിയ സ്ഥാനമാണിത്. എന്നാൽ, ഒരു കാര്യം കൂടി മനസ്സിലാക്കേണ്ടതുണ്ട്. പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നവർ തഖ്‌വയിൽ നിലകൊള്ളുന്നവരായിരുന്നു. അവരും വിശ്വാസികളായിരുന്നു. നബി (സ) തിരുമേനിയുടെ സൂക്ഷ്മദൃഷ്ടി അതു കണ്ടു. ഈ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവർ സൽക്കർമ്മങ്ങളിൽ നിലകൊള്ളുന്നവരാണെന്ന് മനസ്സിലാക്കി. തഖ്‌വയുടെ പാതയിൽ സഞ്ചരിക്കുന്നവരാണെന്ന് കണ്ടു. തഖ്‌വയോടൊപ്പം ചിന്തയിലൂടെയും ആലോചനയിലൂടെയും അറിവു നേടാൻ പരിശ്രമിക്കുന്നു. അതുകൊണ്ട് അവിടന്ന് അവരുടെ കൂട്ടത്തിൽപ്പോയിരുന്നു.

യഥാർത്ഥ അറിവ് എന്നു പറയുന്നത് തഖ്‌വയോടുകൂടിയതാണെന്നും ഒരു നിവേദനത്തിൽ വന്നിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യം പ്രത്യേകം ഓർക്കണം. അതായത് തഖ്‌വയിൽ നിന്ന് അകറ്റിക്കൊണ്ടുപോകുന്ന അറിവായിരിക്കരുത് നാം സമ്പാദിക്കുന്നത്. അറിവ് എന്ന് പറയുന്നത് തഖ്‌വയോടു അടുപ്പിക്കുന്നതാവണം. തഖ്‌വയിലേക്ക് കൊണ്ടുപോകുന്നതാവണം. അല്ലാഹുവിലേക്ക് കൊണ്ടുപോകുന്നതാവണം.

ഹസ്റത്ത് അലി (റ) നിവേദനം ചെയ്യുന്നു. ശരിയായതും യഥാർത്ഥമായതുമായ ഫഖീഹ് (കർമ്മശാസ്ത്രപണ്ഡിതൻ), അല്ലാഹുവിന്റെ കരുണയിൽ നിന്ന് ജനങ്ങളെ നിരാശരാക്കാത്തയാളാണ്. അല്ലാഹുവിനോടു നന്ദികേടുകാണിക്കാനുള്ള വഴിയൊരുക്കുകയില്ല. അല്ലാഹുവിന്റെ ശിക്ഷയിൽനിന്നും പിടുത്തത്തിൽനിന്നും അവരെ നിർഭയരാക്കുകയുമില്ല. വിശുദ്ധഖുർആനിൽനിന്ന് അവരുടെ ശ്രദ്ധ തെറ്റിച്ച് മറ്റൊന്നിലേക്ക് കൊണ്ടുപോകാൻ പരിശ്രമിക്കുകയില്ല. ഓർമിക്കുക, അറിവുകൂടാതെ ആരാധനയിൽ ഒരു നന്മയുമില്ല. മനസ്സിലാക്കാതെ, അറിവുണ്ടെന്നുള്ള വാദം ശരിയല്ല. മനസ്സിലാക്കാതെ കാണാതെ പഠിച്ചാൽ ആ അറിവ് അറിവല്ല. ചിന്തയും ആലോചനയും കൂടാതെയുള്ള വെറും ഖിറാഅത്ത് കൊണ്ട് ഒരു പ്രയോജനവുമില്ല. കർമ്മങ്ങൾ കൂടാതെയുള്ള അറിവുകൊണ്ട് ഒരു പ്രയോജനവുമില്ല. അറിവ് മനുഷ്യനെ മനുഷ്യത്വത്തിന്റെ ഉന്നതമായ നില പഠിപ്പിക്കുന്നതിനുവേണ്ടിയാണ് സമ്പാദിക്കാറുള്ളത്. അറിവ് സമ്പാദിച്ചിട്ടും, മൃഗത്തെപ്പോലെയാകുകയാണെങ്കിൽ അത്തരം അറിവ്കൊണ്ട് എന്ത് പ്രയോജനം? ഇന്നത്തെ ഉലമാ വലിയ വാദങ്ങൾ നടത്തുന്നു. അവരുടെ പെരുമാറ്റം അതിനോടു യോജിക്കുന്നുമില്ല.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു: അറിവുകൊണ്ടുള്ള ഉദ്ദേശ്യം, തർക്കശാസ്ത്രപരമോ തത്ത്വശാസ്ത്രപരമോ ആയ അറിവല്ല. യഥാർത്ഥ അറിവ്, അല്ലാഹു അവന്റെ അനുഗ്രഹം ഒന്നുകൊണ്ടുമാത്രം നല്കുന്നതാണ്. ഈ അറിവ് അല്ലാഹുവിനെ തിരിച്ചറിയുന്നതിനുള്ള മാർഗ്ഗമാണ്. അതിൽനിന്ന് ദൈവഭയമുണ്ടാകുന്നു. വിശുദ്ധഖുർആനിൽ 'ഇന്നമാ യഖ്ശല്ലാഹ മിൻ ഇബാദിഹിൽ ഉല

മാഅ്' നിശ്ചയമായും അല്ലാഹുവിനെ ഭയപ്പെടുന്നത് മതജ്ഞാനികളാണെന്ന് അല്ലാഹു പറഞ്ഞതുപോലെ. അറിവുകൊണ്ട് ദൈവഭയം വർദ്ധിക്കുന്നില്ലെങ്കിൽ, ഓർമ്മിക്കുക ആ അറിവ് അല്ലാഹുവിനെ തിരിച്ചറിയുന്നതിനുള്ള മാർഗ്ഗമല്ല.

ഹസ്റത്ത് അബ്ദുല്ലാഹിബ്നു അബ്ബാസ് (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: നിങ്ങൾ സ്വർഗ്ഗത്തിന്റെ തോട്ടങ്ങളിലൂടെ കടന്നുപോകുമ്പോൾ അതിൽ നല്ലവണ്ണം മേഞ്ഞുകൊള്ളുക. സ്വഹാബത്ത് ചോദിച്ചു: ഹുസൂർ, രിയാളുൽ ജന്ന അതായത് സ്വർഗ്ഗത്തിലെ തോട്ടമെന്താണ്? അവിടന്ന് പറഞ്ഞു: അറിവിന്റെ മജ്ലിസുകൾ.

അതായത് മജ്ലിസുകളിലിരുന്ന് കഴിവിന്റെ പരമാവധി അറിവ് സമ്പാദിക്കുക. ഇതിനുവേണ്ടി, ഇജ്തിമാകളിലും ജൽസകളിലും പങ്കെടുക്കാൻ വരുമ്പോൾ, അതിൽനിന്ന് പൂർണ്ണമായും ഫലമെടുക്കേണ്ടതാണ്. ഇവിടെനിന്ന് ജ്ഞാനപരവും ആത്മീയവുമായ ദാഹം ശമിപ്പിക്കണമെന്ന ഒരേയൊരു ഉദ്ദേശ്യത്തോടെ അതിൽ പങ്കെടുക്കണം. ജൽസകൊണ്ടുള്ള ഉദ്ദേശ്യം കരസ്ഥമാക്കാൻ പരിശ്രമിക്കണം. ജൽസയ്ക്കു വന്നിട്ട് ഭൗതിക മജ്ലിസുകൾ സംഘടിപ്പിച്ചിരിക്കുകയാണെങ്കിൽ, ജൽസയിൽനിന്ന് ഫലമൊന്നുമെടുക്കുന്നില്ലെങ്കിൽ ജൽസയ്ക്ക് വന്നതുകൊണ്ടുള്ള പ്രയോജനമെന്താണ്?

ഇക്കാലത്ത് ഞാൻ പറഞ്ഞതുപോലെ ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതിലേക്ക് ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. അതിനെ പ്രയോജനപ്പെടുത്തേണ്ടതുമാണ്. ഇതും വിശുദ്ധഖുർആന്റെ ഒരു പാഠവും വിശദീകരണവും വിശകലനവുമാണ്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ഹൃദയം സഹവാസം ആഗ്രഹിക്കുന്നു. സഹവാസത്തിൽനിന്ന് തെന്നിമാറുകയാണെങ്കിൽ, പിന്നെന്തിനാണ് മതഭക്തി ലഭിക്കുമെന്നുള്ള പ്രതീക്ഷ വയ്ക്കുന്നത്. നാം പലപ്രാവശ്യവും നമ്മുടെ സുഹൃത്തുക്കളെ ഉപദേശിച്ചിട്ടുള്ളതാണ്. വീണ്ടും പറയുന്നു: നിങ്ങൾ ഇവിടെ വന്ന് താമസിക്കുക, ഫലമെടുക്കുക. എന്നാൽ, വളരെ കുറച്ചുമാത്രമെ ശ്രദ്ധിക്കുന്നുള്ളൂ. ആളുകൾ കൈയുടെമേൽ കൈവെച്ചുകൊണ്ട് ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കാറുണ്ട്. എന്നാൽ, ഇതിലേക്ക് അവർ അല്പം പോലും ശ്രദ്ധിക്കുന്നില്ല. ഓർമ്മിക്കുക, ഖബ്റുകൾ നിങ്ങളെ വിളിച്ചുകൊണ്ടിരിക്കുകയാണ്. മരണം ഓരോ നിമിഷവും അടുത്തുകൊണ്ടിരിക്കുന്നു. ഓരോ ശ്വാസവും നിങ്ങളെ മരണത്തോട് അടുപ്പിച്ചുകൊണ്ടിരിക്കുന്നു. നിങ്ങളാണെങ്കിൽ അതിനെ സാവകാശത്തിന്റെ സമയമായിക്കരുതി കുത്തിയിരിക്കുന്നു. അല്ലാഹുവിനോട് ചതികാണിക്കുക സത്യവിശ്വാസിയുടെ പണിയല്ല. മരണം സമയം വന്നാൽ ഒരു നിമിഷം മുമ്പോ പിമ്പോ മാറുകയില്ല. ഈ ജമാഅത്തിനെ വിലമതിക്കാത്തവരെ, ഇതിന്റെ മഹത്വമൊന്നും അറിയാത്തവരെ അവരുടെ വഴിയിൽ വിട്ടേയ്ക്കുക. ഈ ജമാഅത്തിനെ തിരിച്ചറിയുകയും, ഇതിൽ അംഗമാകുന്നതിനെക്കുറിച്ച് ചിന്തിക്കുകയും, എന്നാൽ ഇതിന് ഒരു വിലയും നല്കാതിരിക്കുകയും ചെയ്തവനാണ് ഏറ്റവും വലിയ നിർഭാഗ്യവാനും തന്റെ ജീവനോടുതന്നെ അതിക്രമം കാണിക്കുന്നവനും. എന്റെയടുത്തുവന്ന് അധികമായി താമസിക്കാത്തവരും, അല്ലാഹു തന്റെ ജമാഅത്തിന്റെ വളർച്ചയ്ക്കു വേണ്ടി നിത്യവും വെളിപ്പെടുത്തുന്ന കാര്യങ്ങളെ കേൾക്കാതിരിക്കുകയും കാണാതിരിക്കുകയും ചെയ്യുന്നവരും, തങ്ങളുടെ സ്ഥാനത്ത് അവർ എത്രമാത്രം മുത്തഖിയും സൂക്ഷ്മതയുള്ളവരുമാണെങ്കിൽപോലും, ഞാൻ പറയുന്നത് അവർ വേണ്ടപോലെ വിലവെച്ചില്ല എന്നാണ്. പൂർണ്ണമായ അറിവിനുശേഷം പൂർണ്ണമായ കർമ്മവും ആവശ്യമാണെന്ന് ഞാൻ മുമ്പേ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് പൂർണ്ണമായ കർമ്മം, പൂർണ്ണമായ ജ്ഞാനമില്ലാതെ സാധ്യമല്ല. അതായത് അറിവ് സമ്പാദിക്കാതെ കർമ്മം ദുഷ്ക്കരമാണ്. ഇവിടെ വന്ന് താമസിക്കാത്തിടത്തോളം പൂർണ്ണമായ അറിവ് ലഭിക്കുക ദുഷ്ക്കരമാണ്.

വീണ്ടും ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ഇന്നയാൾ ആക്ഷേപിച്ചു, ഞങ്ങൾക്ക് മറുപടി പറയാൻ കഴിഞ്ഞില്ലായെന്നു പറഞ്ഞ് നിരവധി കത്തുകൾ വരാറുണ്ട്. ഇതിനുകാരണമെന്താണ്. അല്ലാഹു തആല തന്റെ ജമാഅത്തിനുവേണ്ടി വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്ന വൈജ്ഞാനിക കാര്യങ്ങൾ ഇവിടെ വന്ന് കേൾക്കുന്നില്ല.

ഇപ്പോൾ ആ കാര്യങ്ങൾ ഗ്രന്ഥരൂപത്തിൽ നമുക്ക് ലഭ്യമാണ്. മൽഫൂസാത്തും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ഗ്രന്ഥങ്ങളെല്ലാം തീർച്ചയായും പഠിക്കേണ്ടതാണ്. ഈ ഗ്രന്ഥങ്ങളിൽ നിന്ന് എതിരാളികൾക്ക് മറുപടി പറയാൻ നിങ്ങൾക്കു തെളിവുകൾ ലഭിക്കും. മസീഹ് മൗഊദിന്റെ മജ്ലിസുകളിൽനിന്ന് ഇന്ന് ഫലമെടുക്കാനുള്ള മാർഗ്ഗവും ഇതുതന്നെ. ഇതിൽ നിന്ന് എതിരാളികൾക്ക് മറുപടി പറയാനുള്ള അറിവും നമുക്കു ലഭിക്കും, വിശുദ്ധഖുർആന്റെ അറിവുകളും ജ്ഞാനവും നമുക്ക് ലഭിക്കും.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: നമ്മുടെ നബി (സ) തിരുമേനിയെക്കാൾ പൂർണ്ണനായിക്കൊണ്ട് ഒരു മനുഷ്യനും ലോകത്തുനിന്നും കഴിഞ്ഞുകടന്നിട്ടില്ല. എന്നാൽ, നബിയോടും 'റബ്ബി സിദ്നീ ഇൽമാ' എന്ന് പ്രാർത്ഥിക്കാൻ നിർദ്ദേശമുണ്ടായി. ഇങ്ങനെയിരിക്കെ പിന്നീടാർക്കാണ് തന്റെ അറിവിലും ജ്ഞാനത്തിലും പൂർണ്ണവിശ്വാസമർപ്പിച്ച് ഇരിക്കാൻ കഴിയുക; ഇനി പഠിക്കേണ്ട കാര്യമില്ലെന്ന് കരുതാൻ. മനുഷ്യൻ തന്റെ അറിവിലും ദൈവജ്ഞാനത്തിലും അഭിവൃദ്ധിപ്പെടുന്നതിനനുസരിച്ച് ഇനിയും ഒരുപാട് കാര്യങ്ങൾ പരിഹരിക്കേണ്ട

തുണ്ടെന്ന് അവന് മനസ്സിലായിക്കൊണ്ടിരിക്കും. ചിലകാര്യങ്ങൾ അവൻ പ്രഥമ ദൃഷ്ടിയിൽ നിരർത്ഥകമായിട്ടാണ് കണ്ടിരുന്നത്. എന്നാൽ, അവസാനം അക്കാര്യം തന്നെ സത്യമായ രൂപത്തിൽ അവന് കാണാൻ കഴിയുന്നു. അതുകൊണ്ട് തന്റെ നിലയെ മാറ്റുന്നതിനുള്ള പരിശ്രമവും അറിവ് വർദ്ധിപ്പിക്കുന്നതിന് എപ്പോഴും നിരതനായിരിക്കേണ്ട തും എത്രമാത്രം ആവശ്യമായ കാര്യമാണ്. നിങ്ങൾ ഒരുപാട് നിരർത്ഥകങ്ങളായ കാര്യങ്ങൾ ഉപേക്ഷിച്ചു കൊണ്ടാണ് ഈ ജമാഅത്ത് സ്വീകരിച്ചിട്ടുള്ളത്. നിങ്ങൾ ഇതിനെകുറിച്ച് പൂർണ്ണമായ അറിവും ഉൾക്കാഴ്ചയും കരസ്ഥമാക്കുന്നില്ലെങ്കിൽ, നിങ്ങൾ ക്കിതുകൊണ്ട് എന്തുഫലമാണുള്ളത്. നിങ്ങളുടെ വിശ്വാസത്തിലും ഈശ്വരജ്ഞാനത്തിലും എങ്ങനെ ശക്തിയുണ്ടാകാനാണ്. ചെറിയ ചെറിയ കാര്യ ങ്ങളിൽ സംശയങ്ങളും സന്ദേഹങ്ങളും ഉണ്ടാകുക യാണെങ്കിൽ അവസാനം ചുവടുകൾ താളം തെറ്റാനി ടയുണ്ട്. നോക്കുക, രണ്ടുതരത്തിലുള്ള ജനങ്ങളുണ്ട്. ഒന്ന് ഇസ്‌ലാം സ്വീകരിച്ചുകൊണ്ട് ഭൗതീകമായ തൊഴിലുകളിലും കച്ചവടങ്ങളിലും ലയിക്കാൻ തുടങ്ങുന്നു. ശയ്ത്വാൻ അവരുടെ തലയിലൂടെ സഞ്ചരിക്കുന്നു. കച്ചവടം ചെയ്യുന്നത് വിരോധമാണെ ന്നല്ല ഞാൻ പറഞ്ഞതിന്റെ ഉദ്ദേശ്യം. അങ്ങനെയല്ല. സ്വഹാബാക്കൾ കച്ചവടം ചെയ്തിരുന്നു. എങ്കിലും അവർ ദീനിനെ ദുനിയാവിനേക്കാൾ മുന്തിച്ചിരുന്നു. അവർ ഇസ്‌ലാം സ്വീകരിച്ചു. പിന്നീട് ഇസ്‌ലാമിനെ സംബന്ധിച്ചുള്ള സത്യമായ അറിവ്-അത് അവരുടെ ഹൃദയങ്ങളെ ദൃഢവിശ്വാസംകൊണ്ട് നിറച്ചു- അവർ സമ്പാദിച്ചു. ഇക്കാരണത്താലാണ് അവർ ഒരുരംഗത്തും ശയ്ത്വാന്റെ ആക്രമണത്തിൽ പരാജിതരാകാതിരുന്നത്. സത്യം വെളിപ്പെടുന്നതിന് ഒരുകാര്യവും അവരെ തടഞ്ഞതുമില്ല.

ഹസ്റത്ത് ജാബിറിബ്നു അബ്ദുല്ലാഹ് (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: മറ്റുള്ള പണ്ഡിതന്മാർക്കെതിരിൽ അന്തസ്സ് ആർജ്ജിക്കുന്നതിനുവേണ്ടി നിങ്ങൾ അറിവ് നേടാതിരിക്കുക. നിങ്ങളുടെ അറിവിന്റെ പ്രസിദ്ധിയ്ക്കുവേണ്ടി മജ്‌ലിസുകൾ സംഘടിപ്പി ക്കാതിരിക്കുക. ആരാണോ ഇങ്ങനെ ചെയ്യുന്നത്, ഇങ്ങനെ ചിന്തിക്കുന്നത് അവന് തീ തന്നെയാണു ള്ളത്. അതായത് അവന് നിന്ദ്യതയും അപമാനവും ഉണ്ടാകുന്നതാണ്.

ഇക്കാലത്ത് മുസ്‌ലീം ഉലമാഇന്റെ അവസ്ഥ ഇതുതന്നെയാണ്. ചെറിയ ചെറിയ കാര്യങ്ങളിൽ അവർ കുരുങ്ങിക്കിടക്കുന്നു. ചെറിയ കാര്യങ്ങൾ എടുത്തിട്ട് അറിവിന്റെ സ്വാധീനമുണ്ടാക്കാൻ കൂടുതൽ പരിശ്രമിക്കുന്നു. ഇതുകേട്ടിട്ട് ഒരുഫലവും ഉണ്ടാവുകയില്ല. അറിവുപരമാകട്ടെ, അത്മീയപര മായി ഒരുഗുണവും ഉണ്ടാകുകയില്ല. എനിക്ക് ഇതറിയാം നിനക്കിതറിയില്ല എന്ന് കാണിക്കാൻ വേണ്ടിമാത്രമാണ് ഇതു കാട്ടികൂട്ടുന്നത്. അഹ്മദികൾ അറിവ് സമ്പാദിക്കുന്നത് തൽപ്രമാണിത്തം കാണിക്കാനാകരുത്. അറിവ് അടിച്ചേൽപ്പിക്കാനു മാകരുത്. ഈ അറിവിനെ, ഈ പ്രകാശത്തെ പരത്തു ന്നതിനും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കു ന്നതിനും വേണ്ടിയായിരിക്കണം.

ഹസ്റത്ത് മസീഹ് മൗഊദിന്റെ (അ) ഈ സംഭവം എപ്പോഴും നിങ്ങളുടെ മുമ്പിലുണ്ടാവണം. ഒരു മതപണ്ഡിതനുമായി വാദപ്രതിവാദം നടത്താൻ ചിലർ മസീഹ് മൗഊദിനെ കൊണ്ടുപോയി. അവിടെ ചെന്നപ്പോൾ ഇരുകക്ഷികളുടേയും പ്രമാണങ്ങൾ ഒന്നായിരുന്നു. അതുകൊണ്ട് തന്നെ അവിടന്ന് വാദപ്രതിവാദം നടത്തിയില്ല. മസീഹ് മൗഊദിന്റെ ഈ നിലപാടിൽ അല്ലാഹുവും സന്തുഷ്ടി പ്രകടിപ്പിച്ചു. പറഞ്ഞു: നിന്റെ വിനയാന്വിതമായ വഴികൾ അല്ലാഹുവിന് ഇഷ്ടപ്പെട്ടിരിക്കുന്നു. അതുകൊണ്ട് മനുഷ്യരിൽനിന്ന് എന്തെങ്കിലും നേടിയെടുക്കാൻ അറിവ് പ്രകടിപ്പിക്കരുത്. എപ്പോഴും അല്ലാഹുവിന്റെ തൃപ്തിയാണ് മുന്നിൽ ഉണ്ടായിരിക്കേണ്ടത്. അല്ലാഹുവിന്റെ തൃപ്തി നേടുന്നതിന് പരിശ്രമിക്കുന്നതോടൊപ്പം അവന്റെ സൃഷ്ടികൾക്കും സേവനം ചെയ്യേണ്ടതാണ്.

ഹസ്റത്ത് അബൂദർദാ (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറയുന്നു, നബി (സ) തിരുമേനി ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു. ആരാണോ അറിവ് തേടിയിറങ്ങുന്നത് അല്ലാഹു സ്വർഗ്ഗത്തിലേക്കുള്ള വഴി അവന് എളുപ്പമാക്കി കൊടുക്കുന്നു. മലക്കുകൾ വിദ്യാർത്ഥികളുടെ പരിശ്രമത്തിൽ സന്തോഷിച്ചുകൊണ്ട് ചിറകുകൾ അവരുടെ മുന്നിൽ വിരിച്ചുകൊടുക്കുന്നു. മതപണ്ഡിതനുവേണ്ടി ഭൂമിയിലും ആകാശത്തു മുള്ളവർ പൊറുക്കലിനെത്തേടുന്നു. എത്രത്തോള മെന്നാൽ ജലത്തിലെ മത്സ്യം പോലും അവർക്കു വേണ്ടിപ്രാർത്ഥിക്കുന്നു. ആരാധകന്റെ മേലുള്ള ആലിമിന്റെ മഹത്വം, ചന്ദ്രൻ ചുറ്റുമുള്ള നക്ഷത്രങ്ങളുടെ മേലുള്ളതു പോലെയാണ്. ഉലമാഅ്, അമ്പിയാഇന്റെ അനന്തരാവകാശികളാണ്. മതജ്ഞാനികൾ പ്രവാചകന്മാരുടെ അനന്തരാവ കാശികളാണ്. പ്രവാചകന്മാർ പണവും പൈസയും സ്വത്തായി ഉപേക്ഷിച്ചുപോകുകയില്ല. അവരുടെ സ്വത്ത് അറിവും ജ്ഞാനവുമാണ്. ആരാണോ അറിവ് സമ്പാദിക്കുന്നത്, അവൻ വളരെ വലിയ ഓഹരിയും ഒരുപാട് നന്മകളുമാണ് കരസ്ഥമാക്കുന്നത്.

ഇതാണ് അറിവിന്റെ പ്രാധാന്യം. അറിവ് സമ്പാദിക്കാൻ ദൂരെദൂരെനിന്ന് ഈ പാശ്ചാത്യദേശ ത്തും ആളുകൾ വരാറുണ്ട്. ഇവർക്ക് അല്ലാഹുവിന്റെ തൃപ്തിയും ഉദ്ദേശമായിട്ടുണ്ടെങ്കിൽ അല്ലാഹു അവരുടെ വിദ്യാഭ്യാസവും എളുപ്പമാക്കി ക്കൊടുക്കും. അവർക്ക് സ്വർഗ്ഗത്തിലേക്കുള്ള വഴിയും എളുപ്പമാക്കിക്കൊടുക്കും. ഇതിന്റെ

ഉദ്ദേശ്യം ഈ ദുൻയാവിലും അവർക്ക് സ്വർഗ്ഗമുണ്ടാകത്തക്കവിധ ത്തിൽ അല്ലാഹു അവർക്ക് എളുപ്പമാർഗ്ഗം കാണിച്ചു കൊടുക്കുമെന്നാണ്. ഇവിടെ വരുന്ന അഹ്മദീ വിദ്യാർത്ഥികൾ പ്രത്യേകിച്ചും ഇതു ശ്രദ്ധിക്കേ ണ്ടതാണ്. അവരുടെ ഉദ്ദേശ്യം വിദ്യ അഭ്യസിക്കണം എന്നതുമാത്രമായിരിക്കണം. അല്ലാഹുവിന്റെ തൃപ്തിക്കു വിധേയരായിക്കൊണ്ട് വിദ്യ അഭ്യസിക്കണം. ഇവിടത്തെ തിളക്കവും മറ്റു താൽപര്യങ്ങളും അവരെ ഈ ഉദ്ദേശ്യത്തിൽ നിന്ന് പിന്തിരിപ്പിക്കുന്നതാകാൻ പാടില്ല. അറിവ് സമ്പാദിക്കണം, ഇതിന് മറ്റുള്ളവരേയും ഭാഗഭാക്കാക്കണം എന്നതായിരിക്കണം ഉദ്ദേശ്യം. അഥവാ നിയ്യത്ത്. ഏതെങ്കിലും പാഠഭാഗം അല്ലാഹുവിന്റെ അദ്ധ്യാപനത്തിനു വിരുദ്ധ മാണെങ്കിൽ അതും ലോകത്തിനു വെളിപ്പെടുത്തി ക്കൊടുക്കണം. ആഴത്തിൽ ഇറങ്ങിച്ചെന്ന് അറിവ് കരസ്ഥമാക്കേണ്ടതാണ്.

ഹസ്റത്ത് സയ്ദ് ബിൻ സാബിത് (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി എന്നോടു സുറിയാനി ഭാഷ പഠിക്കാൻ കല്പ്പിച്ചു. മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹുസൂർ (സ) എന്നോടു പറഞ്ഞു, യഹൂദികളുമായിട്ട് എഴുത്തുകുത്തുകൾ നടത്താൻ ഭാഷ പഠിക്കുക. കാരണം എനിക്ക് യഹൂദികളെ വിശ്വാസമില്ല; അവർ എന്നെകുറിച്ച് എന്തുപറയുന്നു എന്ത് എഴുതുന്നു വെന്നകാര്യത്തിൽ. സയ്ദ് (റ) പറയുന്നു. പതിനഞ്ചുദിവസത്തിനുള്ളിൽ ഞാൻ സുറിയാനി എഴുതാനും വായിക്കാനും പഠിച്ചു. ഇതിനുശേഷം യഹൂദികൾക്ക് എന്തെങ്കിലും എഴുതാനുണ്ടെങ്കിൽ ഹുസൂർ (സ) എന്നെകൊണ്ട് എഴുതിക്കുമായിരുന്നു. അവരിൽ നിന്ന് എന്തെങ്കിലും കത്തുകൾ വന്നാൽ ഞാനത് ഹുസൂർ (സ) ന് വായിച്ചുകേൾപ്പിക്കു മായിരുന്നു.

ഇതു സംബന്ധമായി വാഖിഫീനെ നൗ കുട്ടികളോടും ഞാൻ ചിലത് പറയാനാഗ്രഹിക്കുന്നു. പ്രായപൂർത്തിയെത്തിയ വാഖിഫീനെ നൗ കുട്ടികൾ, അവർക്ക് ഭാഷകൾ പഠിക്കുന്നതിന് താൽപര്യവും കഴിവുമുണ്ടെങ്കിൽ പ്രത്യേകിച്ച് പെൺകുട്ടികൾ അവർ ഇംഗ്ളീഷ് അറബി ഉർദു പ്രാദേശികഭാഷകൾ പഠിക്കേണ്ടതാണ്. പഠിക്കുകയാണെങ്കിൽ അതിൽ പ്രാഗത്ഭ്യം നേടേണ്ടതാണ്. പ്രത്യേകിച്ച് ഭാഷ പഠിക്കാൻ പെൺകുട്ടികളിൽ കൂടുതൽ കഴിവുള്ളതായി ഞാൻ കണ്ടിട്ടുണ്ട്; അവർ ജമാഅത്തിന്റെ ഗ്രന്ഥങ്ങളും സാഹിത്യങ്ങളും ഭാഷാന്തരം ചെയ്യാൻ കഴിവുള്ളവരായിത്തീരണം. എങ്കിൽമാത്രമേ നമുക്ക് എല്ലായിടത്തും പ്രചരിപ്പിക്കാൻ പറ്റുകയുള്ളൂ. എനിക്കോർമ്മയുണ്ട് ഘാനയിലെ വടക്കേ അറ്റത്ത് ചെറിയൊരുസ്ഥലത്ത് കത്തോലിക്കസഭയുടെ ഒരു ചർച്ചുണ്ടായിരുന്നു. ഞാനും അവിടെ താമസിച്ചിരുന്നു. ഇന്ത്യയിലെ ഒരു പാതിരിയായിരുന്നു അപ്പോൾ അവിടെയുണ്ടായി രുന്നത്. അദ്ദേഹം ആഴ്ചയിൽ മൂന്നുനാലുദിവസം മോട്ടോർ സൈക്കിളിൽ വനത്തിൽ പോകാറു ണ്ടായിരുന്നു. താങ്കളെന്തിനാണ് അവിടെപോകുന്ന തെന്ന് ഞാൻ ചോദിച്ചപ്പോൾ അയാൾ പറഞ്ഞു: അവിടെ ഒരു ഗോത്രക്കാരുണ്ട്. അവരുടെ ഭാഷ മറ്റുള്ളവരിൽനിന്ന് വ്യത്യസ്ഥമാണ്. അവരുടെ ജനസംഖ്യ പത്തായിരമോ പതിനായിരമോ മാത്രമേയുള്ളൂ. അദ്ദേഹം അവിടെ പോകുന്നത് അവരുടെ ഭാഷ പഠിക്കാനും ബൈബിൾ ആ ഭാഷയിലേക്ക് തർജ്ജമചെയ്യാനും വേണ്ടിമാത്രാണ്.

നമ്മുടെയാളുകൾക്ക്, പ്രത്യേകിച്ച് തയ്യാറായിവരുന്ന വാഖിഫീനെ കുട്ടികൾക്ക് ഈ ഭാഗത്തേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്, നമ്മുടെ കൈയ്യിൽ എല്ലാഭാഷയുടേയും പാണ്ഡിത്യമുള്ള വരുടെ ഒരു സംഘം ഉണ്ടായിരിക്കുന്നതിനുവേണ്ടി. ഒരുപാട് കുട്ടികൾ യൂണിവേഴ്സിറ്റിതലം വരെ എത്തിയിട്ടുണ്ട്. അവർ സ്വയം ഇതിലേക്ക് ശ്രദ്ധപതിപ്പിക്കണം. വാഖിഫീനെ നൗ ഇതിന്റെ ദേശീയവിഭാഗം അത്തരം കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ഓരോ വർഷവും ഈ ലിസ്റ്റ് പുതുക്കിക്കൊണ്ടിരിക്കണം. കാരണം ഓരോവർ ഷവും പുതിയ കുട്ടികൾ അതിൽ ഉൾപ്പെട്ടുകൊണ്ടേ യിരിക്കും. ഈ ഡിപ്പാർട്ട്മെന്റിൽ (വിഭാഗത്തിൽ) മാത്രമല്ല, എല്ലാ വിഭാഗങ്ങളിലും പൊതുവേ വലിയ വിഭാഗങ്ങളിൽ വാഖിഫീനെ നൗ കുട്ടികളിൽ നിന്ന് മുബല്ലിഗുമാരുടേയും ഡോക്ടർമാരുടേയും ടീച്ചർമാരുടേയും കമ്പ്യൂട്ടർ സയൻസിൽ പ്രാവീണ്യം നേടിയവരുടേയും വക്കീൽമാരുടേയും എഞ്ചിനീയർമാരുടേയും ഭാഷാപണ്ഡിതന്മാരു ടേയും ആവശ്യം നമുക്കുണ്ട്. കൂടാതെ ഞാൻ പറഞ്ഞ വിഭാഗങ്ങൾക്ക് പല ശാഖകളുമുണ്ട്. മുബല്ലിഗ് ആകുന്നവരെ കുറിച്ച് നമുക്കറിയാൻ കഴിയും. അവരെന്തായാലും ജാമിഅയിൽ പോകണം അവിടെ പഠിക്കണം. അതുകൊണ്ട് അവരെ ക്കുറിച്ച് നമുക്കറിയാൻകഴിയും. പ്രശ്നമില്ല. എന്നാൽ മറ്റുഡിപ്പാർട്ടുമെന്റുകളിൽ പോകുന്ന അധികം പേരേയും അറിയാൻ കഴിയുകയില്ല. ഈ പര്യടനവേളയിൽ ഞാൻ പലസ്ഥലത്തും ചോദിക്കുകയുണ്ടായി. മനസ്സിലായത്, ഇതുവരെ കുട്ടികളെ ഇക്കാര്യത്തിൽ ബോധവാന്മാരാക്കിയിട്ടില്ല എന്നാണ്. കുട്ടികളാണെങ്കിൽ 16,17 വയസുകളിലെ ത്തുകയും ചെയ്തു. ഇല്ലെങ്കിൽ ജമാഅത്തിന് ഇപ്പോൾ അത്യാവശ്യമില്ലാത്ത ഡിപ്പാർട്ട്മെന്റിനെക്കു റിച്ചായിരിക്കും അവർ പറയുക. ഉദാഹരണത്തിന് പൈലറ്റാകണമെന്ന് ചിലർ പറയുന്നു. ചിലർ പറയുന്നു കായികവിനോദങ്ങളോടാണ് താൽപര്യ മെന്ന്. ക്രിക്കറ്റ് കളിക്കാരനാകണം, ഫുട്ബോൾ താരമാകണമെന്നൊക്കെ. ഈ ജോലിയൊന്നും

വഖ്ഫെ നൗ കുട്ടികൾക്കുവേണ്ടിയല്ല. ഇതിനു കാരണം ശരിയായ നിലയിൽ കുട്ടികളിൽ കൗൺസിലിംഗ് നടക്കുന്നില്ല, അവർക്ക് മാർഗ്ഗ ദർശനം കിട്ടുന്നില്ല എന്നതുമാത്രമാണ്. ഇക്കാരണത്താൽ അവരുടെ ഭാവി എന്താണെന്ന് അവർക്കുമനസ്സിലാകുന്നില്ല.

അതുകൊണ്ട് ഉമ്മയും ബാപ്പയും കുട്ടികളെ വഖ്ഫ് ചെയ്തിട്ട് വെറുതെ കുത്തിയിരിക്കരുത്. കുട്ടികളെ സ്ഥിരമായി കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കി ബോധവാന്മാരാക്കുക. ഇതാണ് മാതാപിതാക്കളോടും എനിക്കു പറയാനുള്ളത്. നിങ്ങൾ വഖ്ഫെ നൗ ആണ് ഞങ്ങൾ നിന്നെ മതപരമായ പ്രവർത്തനങ്ങൾക്കായി വഖ്ഫ് ചെയ്തിരിക്കുന്നു. നിങ്ങൾ ജമാഅത്തിന് സേവനം ചെയ്യണം. ജമാഅത്തിന്റെ ഫലപ്രദമായ ഒരു ഭാഗമായിത്തീരണം. അതുകൊണ്ട് ജമാഅത്തിന് ഗുണപ്രദമായിട്ടുള്ള തൊഴിൽ സ്വീകരിക്കണം എന്നൊക്കെ ഉപദേശിക്കണം.

പ്രായപൂർത്തിയായിട്ടും വഖ്ഫെ നൗ എന്താണെന്നറിയാത്ത കുട്ടികളേയും കാണാൻ കഴിഞ്ഞു. ഉമ്മയും ബാപ്പയും പറയുന്നു വഖ്ഫെ നൗ ഇൽ അംഗമാണെന്ന്. ചിലർ പറയുന്നു: ഉമ്മയും ബാപ്പയും വഖ്ഫ് ചെയ്തുവെന്നത് ശരിയാണ് എന്നാൽ മറ്റൊന്നുചെയ്യാനാണ് ഞങ്ങളാഗ്രഹിക്കുന്നത്. ഞാൻ പറഞ്ഞതുപോലെ ലിസ്റ്റ് തയ്യാറാക്കി നമ്മുടെ മുമ്പിൽ വരുമ്പോൾ, ഓരോ രാജ്യത്തും തയ്യാറാക്കുമ്പോൾ എത്രപേരാണ് പ്രായപൂർത്തിയെത്തി ഇടക്കുവെച്ച് കൊഴിഞ്ഞുപോകുന്നതെന്ന് അറിയാൻ കഴിയും. എത്ര മുബല്ലിഗുമാർ ഏതു രാജ്യത്തുനിന്നു കിട്ടുമെന്ന് അറിയാൻ കഴിയും. എത്ര ഡോക്ടർമാർ, എഞ്ചിനീയർമാർ, ടീച്ചർമാർ തുടങ്ങിയവരെ കിട്ടുമെന്ന് അറിയാൻ കഴിയും. ഡോക്ടർ ഡിപ്പാർട്ടുമെന്റിൽ പലവിഷയങ്ങളിൽ പലർക്കും താല്പര്യമുണ്ടാകും. ആ താല്പര്യമനുസരിച്ചും അവർക്ക് മാർഗ്ഗദർശനം നൽകാൻ കഴിയും. ഇതിനുവേണ്ടിയും രാഷ്ട്രങ്ങൾ കേന്ദ്രത്തോട് ചോദിക്കേണ്ടതായിവരും. ആവശ്യത്തിനനുസരിച്ച് അവർക്ക് നിർദ്ദേശം കൊടുക്കാൻ. ചിലപ്പോൾ ഡോക്ടറാകാൻ ആഗ്രഹിക്കുന്നകുട്ടിക്ക് ഒരു വിഭാഗത്തിൽ മാത്രമല്ല പലവിഭാഗത്തിലും താൽപര്യമുണ്ടാകും. അപ്പോൾ ജമാഅത്തിന്റെ ആവശ്യത്തിനനുസരിച്ച് ഇന്ന വിഷയം പഠിക്കാൻ നിർദ്ദേശം കൊടുക്കാൻ കഴിയും. ഇപ്പോൾ ഈ പ്രായക്കാർ ഒന്നും രണ്ടും കഴിഞ്ഞ് മൂന്നിലോ നാലിലോ എത്തിയിട്ടുണ്ടാകും. ഇപ്പോൾ അവരുടെ ഭാവിയെക്കുറിച്ച് ചിന്തിക്കാൻ കഴിയും. അതുകൊണ്ട് ഓരോ വർഷവും മുടങ്ങാതെ ലിസ്റ്റ് തയ്യാറാക്കിയിരിക്കേണ്ടതാണ്. പുതിയതായി വരുന്നവരെ ഉൾപ്പെടുത്തേണ്ടതാണ്. കൊഴിഞ്ഞു പോകുന്നവരെ മാറ്റേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വഖ്ഫ് ഡിപ്പാർട്ടുമെന്റ് പ്രവർത്തിക്കേണ്ടതായിവരും.

പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികളെ സംബന്ധിച്ചും അറിവുണ്ടായിരിക്കണം. അവരിൽ മധ്യമനിലയിലുള്ളവരെത്ര, അവർക്ക് എന്തെല്ലാം തൊഴിലുകൾ സ്വീകരിക്കാൻ കഴിയും, എന്തുജോലികൊടുക്കാൻ കഴിയും. ഞാൻ പറഞ്ഞതുപോലെ ഈ പ്രവർത്തനം വളരെ വിശാലമായ രീതിയിൽ ലോകത്ത് എല്ലായിടത്തും ചെയ്യേണ്ട ആവശ്യമുണ്ട്. വാഖ്ഫീനെ നൗ ഡിപ്പാർട്ടുമെന്റിനോട് ഞാൻ പറയുകയാണ്. ഈ ലിസ്റ്റ് അതായത് 15 വയസിനു മുകളിലുള്ള കുട്ടികളുടെ ലിസ്റ്റ് ചുരുങ്ങിയത് മൂന്ന് നാല് മാസത്തിനുള്ളിൽ തയ്യാറാക്കേണ്ടതാണ്. കാരണം ഞാൻ പരിശോധിച്ചതനുസരിച്ച് യഥാർത്ഥ റിപ്പോർട്ട് അല്പം വിഭിന്നമായിട്ടാണ് കാണുന്നത്. അതുകൊണ്ട് യഥാർത്ഥസ്ഥിതിയിലേക്ക് നമുക്ക് വരേണ്ടതുണ്ട്.

ചില ഡിപ്പാർട്ടുമെന്റുകളെ കുറിച്ചാണ് ഞാൻ പറഞ്ഞത്. ഇതു കൂടാതെ ഒരു ഡിപ്പാർട്ട്മെന്റിലും പഠിക്കാൻ പാടില്ല, അതു നമുക്കാവശ്യമില്ല എന്നുകരുതരുത്. അസാമാന്യ ബുദ്ധിയുള്ള കുട്ടികളുണ്ട്. അവർ റിസർച്ച് രംഗത്തിറങ്ങുന്നു. അതിൽ സയൻസ്, ചരിത്രം തുടങ്ങിയ വിഷയങ്ങളും പെടും. അത്തരം കുട്ടികളേയും നാം മാർഗ്ഗനിർദ്ദേശം നൽകി നയിക്കേണ്ടതായിവരും. അതുകൊണ്ട് കൗൺസിലിംഗ്, മാർഗ്ഗദർശനം തുടങ്ങിയ വിഭാഗക്കാരെ കർമ്മനിരതരാക്കേണ്ടിവരും. ഞാൻ പറഞ്ഞതുപോലെ, ഹസ്റത്ത് മസീഹ് മൗഊദ് (അ) നെ വിശ്വസിച്ചവരോട് അല്ലാഹുവിന്റെ വാഗ്ദാനമുണ്ട്; അവർ അറിവിലും ജ്ഞാനത്തിലും ഉന്നതികരസ്ഥമാക്കുമെന്ന്. ഈ ഉന്നതിക്കായി പ്രവർത്തിക്കേണ്ടിയും വരും. ഇൻശാ അല്ലാഹ് അപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹവും ഉണ്ടാകും. എന്തായാലും കുട്ടികളെ വഴികാട്ടേണ്ടത് നിർബന്ധമാണ്.

ചില കുട്ടികളുണ്ടാകും. അവർക്ക് അവരുടെ ഇഷ്ടപ്രകാരം ജമാഅത്തിന് ഗുണംചെയ്യുന്ന നല്ല വിഷയം തെരഞ്ഞെടുക്കാൻ കഴിയും. പൊതുവെ മാർഗ്ഗദർശനം നൽകി നയിക്കേണ്ടവരാണ് അധികവും. ഞാൻപറഞ്ഞതുപോലെ ആഴത്തിലിറങ്ങിച്ചെന്ന് ഇതു പരിശോധിക്കേണ്ടതായിവരും.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു: ആധുനിക വിദ്യാഭ്യാസം നൽകുന്നതിന് എതിരു നിൽക്കുന്ന മൗലവിമാർ തെറ്റിലാണ് എന്ന് എനിക്കറിയാം. അവർ യഥാർത്ഥത്തിൽ തങ്ങളുടെ തെറ്റുകളും ദൗർബ്ബല്യങ്ങളും മറച്ചുവെക്കാനാണ് അങ്ങനെ ചെയ്യുന്നത്. ആധുനികമായ അറിവുകളുടെ ഗവേഷണം ഇസ്ലാമിൽ നിന്ന് ജനങ്ങളെ വഴിപിഴപ്പിക്കുമെന്ന തെറ്റായ ധാരണയാണ് അവരുടെ ബുദ്ധിയിൽ കുടികൊള്ളുന്നത്.

ബുദ്ധിയും ശാസ്ത്രവും ഇസ്‌ലാമിനു തികച്ചും വിരുദ്ധമാണെന്ന് അവർ നിശ്ചയിച്ചുറപ്പിച്ചിരിക്കുകയാണ്. കാരണം തത്വശാസ്ത്രത്തിന്റെ ബലഹീനതകൾ വെളിപ്പെടുത്താൻ അവർക്കുകഴിവില്ല. അതുകൊണ്ട് ഈ ദൗർബല്യം മറച്ചുവെക്കുന്നതിനായി ഇക്കാര്യം മെനഞ്ഞെടുത്തിരിക്കുകയാണ്. അതായത് ആധുനിക ശാസ്ത്രം പഠിക്കുന്നതുതന്നെ അനുവദനീയമല്ലെന്ന്. തത്വശാസ്ത്രം എന്നുകേൾക്കുമ്പോൾ അവരുടെ ആത്മാവ് പിടയ്ക്കാൻ തുടങ്ങുന്നു. അങ്ങനെ ആധുനിക ഗവേഷണത്തിന്റെ മുന്നിൽ കുനിയുന്നു.

നമുക്ക് വാഖിഫീനെ നൗ കുട്ടികളെ പഠിപ്പിച്ച് പുതിയ പുതിയ അറിവുകൾ നൽകി ഭൗതീകവാദികളെ നിശബ്ദരാക്കേണ്ടതുണ്ട്. ഹസ്റത്ത് മസീഹ് മൗഊദ് (അ) ഖുർആന്റെ യഥാർത്ഥമായ അറിവ് നമുക്ക് നൽകിയിരിക്കുന്നു. വാഖിഫീനെ കുട്ടികളുടെ ഈ സൈന്യം, ആധുനികശാസ്ത്രം ഉൾക്കൊണ്ട സൈന്യം എത്രയും വേഗം തയ്യാറാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

വാഖിഫീനെ നൗ കുട്ടികളുടെ തർബിയ്യത്തിന് പ്രത്യേകിച്ചും മുഴുവൻ അഹ്മദികുട്ടികൾക്ക് പൊതുവായും നമ്മുടെ സ്ത്രീകൾക്കും അവരുടെ അറിവിൽ വർദ്ധനവരുത്തേണ്ടതുണ്ട്. ഇത് വളരെ ആവശ്യമാണ്.

യോഗങ്ങളിലും ഇജ്തിമാകളിലും ജൽസകളിലും വന്നു പഠിക്കുന്നകാര്യങ്ങൾ അവിടെ ഉപേക്ഷിച്ച് പോകാതിരിക്കുക. പഠിച്ചത് അവിടെ ഉപേക്ഷിച്ച് പോകുക എന്നത് അങ്ങേയറ്റം ജഹാലത്തായിരിക്കും. സ്ത്രീകൾ ഇക്കാര്യത്തിലേക്ക് പ്രത്യേകം ശ്രദ്ധിക്കുക. കുട്ടികളുടെ തർബിയ്യത്തിലേക്ക് പ്രത്യേകം ശ്രദ്ധിക്കുക. കാരണം, വാഖിഫീനെ നൗ കുട്ടികളെ പ്രത്യേകം ശ്രദ്ധിക്കുന്ന ഉമ്മമാർ സ്വയം തന്നെ അല്പമൊക്കെ മതപരമായ അറിവുള്ളതായിട്ട് എനിക്ക് കാണാൻകഴിഞ്ഞിട്ടുണ്ട്. അത്തരം ഉമ്മമാരുടെ വഖ്ഫെനൗകുട്ടികളുടെ ഉത്തരവും താല്പര്യവും വഖ്ഫെനൗവിനെക്കുറിച്ച് തികച്ചും വിഭിന്നമായിരിക്കും. അതുകൊണ്ട് ഉമ്മമാർ തങ്ങളുടെ അറിവ് വർദ്ധിപ്പിക്കുക. ആ അറിവ് കുട്ടികൾക്കും പകർന്നുകൊടുക്കുക. ഇതുകൊണ്ട്, ഉപ്പമാരുടെ ഉത്തരവാദിത്വം തീർന്നുവെന്നല്ല ഉദ്ദേശിക്കുന്നത്. അല്ലെങ്കിൽ ഉപ്പ മോചിതനായി എന്നല്ല. ഇതു ഭർത്താക്കന്മാരുടേയും ഉമ്മമാരുടേയും ഉത്തരവാദിത്വമാണ്. ഒന്ന് പ്രവർത്തന മാതൃകയിലൂടെ അറിവിന്റെ അന്തരീക്ഷം സൃഷ്ടിക്കുക. സ്ത്രീകളുടെ മതപരമായ വിദ്യാഭ്യാസത്തിലേക്കും കുട്ടികളുടെ മതപരമായ വിദ്യാഭ്യാസത്തിലേക്കും ശ്രദ്ധിക്കുക. കാരണം, പുരുഷൻമാരുടെ നല്ല അന്തരീക്ഷം വീട്ടിലില്ലെങ്കിൽ അത് പരിശുദ്ധമാകുകയില്ല. അങ്ങനെ വരുമ്പോൾ അതിന്റെ സ്വാധീനം സ്ത്രീകളിലും കുട്ടികളിലും ഉണ്ടാകും. പുരുഷൻമാർ ആഗ്രഹിച്ചാൽ, സ്ത്രീകൾ വലിയ പ്രായക്കാരായാലും കുറച്ചു വാക്കൊക്കെ അവരെ പഠിപ്പിക്കാൻ കഴിയും. താല്പര്യമുണ്ടാക്കാൻകഴിയും. കുറഞ്ഞപക്ഷം കുട്ടികളുടെ തർബിയ്യത്തിലേക്ക് ശ്രദ്ധിക്കാനെങ്കിലും അവരെ പ്രാപ്തരാക്കാൻ കഴിയും. അതുകൊണ്ട് ജമാഅത്തിലെ ഓരോ ഘടകവും ഇതിലേക്ക് ശ്രദ്ധിക്കേണ്ടത് നിർബന്ധമാണ്, പുരുഷനും സ്ത്രീയും. കാരണം പുരുഷന് താല്പര്യമുണ്ടെങ്കിൽ സ്ത്രീയുടെ താല്പര്യവും വർദ്ധിക്കും. വിദ്യാഭ്യാസകാര്യത്തിൽ സ്ത്രീകൾക്ക് താല്പര്യമുണ്ടെങ്കിൽ കുട്ടികളിലും ആ താല്പര്യം വർദ്ധിക്കും. തങ്ങൾ മറ്റുള്ളവരിൽ നിന്ന് കുറച്ചു വിഭിന്നരാണെന്നബോധവും അവർക്കുണ്ടാകും. നമുക്ക് ഉന്നതമായ ചില ലക്ഷ്യങ്ങൾ ഉണ്ടെന്ന് അവർക്ക് തോന്നും. ഇതെല്ലാം ഉണ്ടെങ്കിൽ മാത്രമേ, ദുൻയാവിനെ നന്നാക്കുന്നവരാണെന്ന നമ്മുടെ വാദം സത്യമായി പുലരുകയുള്ളു. ഇല്ലെങ്കിൽ നാം ദുൻയാവിനെ എന്തു നന്നാക്കാനാണ്. നമ്മൾ ഇക്കാര്യത്തിൽ ശ്രദ്ധിച്ചില്ലെങ്കിൽ നമ്മുടെ സ്വന്തം കുട്ടികൾതന്നെ മതപരമായ അറിവുകളില്ലാത്തവരായിത്തീരും. കാരണം ഇതു അനുഭവത്തിലൂടെ മനസ്സിലാക്കിയിട്ടുള്ള കാര്യങ്ങളാണ്.

അഹ്മദിയ്യത്തിൽ നിന്ന് ചില അഹ്മദീ സന്താനങ്ങൾ അകന്നുപോകാനുണ്ടായ ഒരേ ഒരുകാരണം അവർ മതപരമായ അറിവ് ഒട്ടും ഇല്ലാത്തവരായിരുന്നു എന്നതാണ്. കുടുബനാഥൻ മരിച്ചുകഴിഞ്ഞാൽ മെല്ലെ മെല്ലെ അയാളുടെ കുടുംബം അല്ലെങ്കിൽ മക്കൾ ജമാഅത്തിൽ നിന്ന് അകന്നുപോയി. കാരണം കുടുംബനായികയ്ക്ക് മതപരമായ അറിവുണ്ടായിരുന്നില്ല. ഇക്കാര്യത്തിലേക്ക് അതുകൊണ്ടുതന്നെ ഒരുപാട് ശ്രദ്ധിക്കണം. ഭാര്യയും ഭർത്താവും ഒന്നിച്ച് പരിശ്രമിക്കേണ്ടതായിവരും. എങ്കിൽ മാത്രമേ നമ്മുടെ വരും തലമുറയെ നമുക്ക് രക്ഷിക്കാനാകുകയുള്ളൂ. ശരിയായ നിലയിൽ മതത്തിന്റെ അറിവ് നമുക്ക് നൽകുന്നതിനും വരും തലമുറകളിൽ അതുനിലനിർത്തുന്നതിനും നമുക്ക് അല്ലാഹു തൗഫീഖ് തരുമാറാകട്ടെ. ആമീൻ.

വിവർത്തനം : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ

JUMUA KHUTHUBA
HADHRAT MIRZA MASROOR AHMAD
KHALIFATHUL MASIH - V
on 18 - 06 - 2004 at
Baithul Futhuh, London.

Page Layout & Type Set : Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**